# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No. 12 : ഡിസംബർ 2016** — വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്ട്

മലയാളം മാസ പത്രിക — ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര


### *ധർമ്മ വാണി*

*യഹ തോ വാണീ ധർമ്മ കീ*
*ബോധി ജ്ഞാൻ കീ ജ്യോത്,*
*അക്ഷർ അക്ഷർ മേ ഭരാ,*
*മംഗൾ ഓത് പ്രോത്.*

ഇത് ധർമ്മവാണിയാകുന്നു,
ബോധി, ജ്ഞാനത്തിൻറെ ജ്യോതി,
അക്ഷരം അക്ഷരത്തിൽ നിറഞ്ഞിരിക്കുന്നു
മംഗളം തുളുമ്പുന്നു.

— **എസ. എൻ. ഗോയങ്ക**

# ധർമ്മ ജ്യോതി

**എസ. എൻ. ഗോയങ്ക**

(പത്രിക സംഗ്രഹം എന്ന പഴയ ഹിന്ദി പത്രിക സംഗ്രഹത്തിൻറെ പുസ്തകത്തിൽ നിന്ന്)

സാധകരെ! മാനസ-മന്ദിരത്തിൽ ധർമ്മത്തിൻറെ ജ്യോതി ഉണർത്തി വെക്കാം. അകത്ത് പ്രജ്ഞാ പ്രദീപം പ്രജ്വലിതമാക്കി വെക്കാം.

അകത്തെ ഇരുട്ട് ദുഖമെ തരാരുള്ളു – വർത്തമാനത്തിലേക്കും, ഭാവിയിലേക്കും.

അകത്തെ പ്രകാശം മംഗളമെ തരാരുള്ളു - വർത്തമാനത്തിലേക്കും, ഭാവിയിലേക്കും.

ചിലപ്പോഴൊക്കെ ബാഹ്യ ജീവിതത്തിൽ ഇരുട്ട്(അന്ധകാരം) വ്യാപിച്ചിരിക്കും. സകലതും ഇഷ്ടപ്പെടാത്തതെ നടക്കുന്നുണ്ടാവുകയുള്ളു. ഒന്നും തന്നെ മനസ്സിനിഷ്ടപ്പെട്ടതുപോലെ സംഭവിക്കുന്നില്ല. ഇത്തരം അവസ്ഥയിൽ ബുദ്ധിമോശമുള്ള വ്യക്തി അകത്തെ ബോധം കളഞ്ഞ് കുളിക്കുന്നു. അകത്തെ പ്രജ്ഞയുടെ പ്രദീപം അണഞ്ഞു പോകുന്നു. ധർമ്മ ജ്യോതി വിലുപ്തമാകുന്നു(നഷ്ടപ്പെടുന്നു). പുറത്തെ പോലെ അകത്തും ഇരുട്ട്(അന്ധകാരം) പടർന്നു പിടിക്കുന്നു. തൻറെ മാനസത്തിൽ ദോഷ-ദ്രോഹം, കോപം, സങ്കടം, വിലാപം ജനിപ്പിക്കുന്നു. ഭാവിയിലേക്കും വേണ്ടി ദുഖം തന്നെ സൃഷ്ടിക്കുന്നു. അകത്ത് ഇരുട്ടുള്ള കാരണം ഭാവിയിലേക്കും ഇരുട്ടുതന്നെ സൃഷ്ടിക്കുന്നു.

ഇതിനു വിപരീതമായി ഇതേ പ്രതികൂലമായ പരിഹസ്ഥിതിയിൽ ഒരു വിവേകിയായ ബുദ്ധിയുള്ളവൻ തൻറെ മനസ്സിൻറെ സമ-നില തെറ്റിക്കുന്നില്ല. വല്ല അന്യനുവേണ്ടി തൻറെ പ്രജ്ഞ നഷ്ടപ്പെടുത്തുന്നില്ല. അന്യനുവേണ്ടി തൻറെ മനസ്സിനെ മലിനമാക്കുന്നില്ല. ക്ഷമയുടെ ധർമ്മം നില നിറുത്തുന്നു. പ്രജ്ഞയോടെ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു – ഈ സ്ഥിതി നിത്യം, ശാശ്വതം, ധ്രുവമല്ല. അനന്തമായ കാലം വരെ നില നിൽക്കില്ല. സമയം എടുത്ത് മാറുകതന്നേ ചെയ്യും. ആരൊക്കെ ഈ വിപരീതമായ പരിഹസ്ഥിതി സൃജനം ചെയ്യാൻ മാധ്യമമായൊ, അവരുടെ നേരെ മംഗള മൈത്രി മാത്രമെ സൃജനം ചെയ്യാറുള്ളു. ദ്വേഷ-ദ്രോഹമല്ല. ചിത്ത ധാരയിൽ കുശലമായ സംസ്കാരത്തിൻറെ ബീജം മാത്രമെ വിതക്കുന്നുള്ളു. ഫലമായി ഈ സമയത്തും സുഖ-ശാന്തി നില നിറുത്തുന്നു, ഭാവിക്കു വേണ്ടിയും സുഖ-ശാന്തി മാത്രമെ നിർമ്മിക്കുന്നുള്ളു. അകത്ത് ധർമ്മ ജ്യോതി തിളങ്ങുമ്പോൾ ഭാവിയെ പ്രകാശത്തോടെ നിറക്കുന്നു.

ഒരു ഇത്തരം അവസ്ഥയും വരാറുണ്ട് – ബാഹ്യ ജീവിതം സുഖ-സമൃദ്ധികൊണ്ട് നിറഞ്ഞിരിക്കും. ധനം-സമ്പത്ത്, നില-പ്രഭുത്വം, പദവി-പ്രതിഷ്ഠ, മാനം-ബഹുമാനം, എല്ലാം പ്രാപ്തമാകുന്നു. എല്ലാ കാര്യങ്ങളും മനസ്സിനോടിണങ്ങുന്നത്. അവാഞ്ഛിതമായ ഒന്നും തന്നെ സംഭവിക്കുന്നില്ല.

ഇത്തരം അനുകൂലമായ അവസ്ഥയിലും ബോധം കുറഞ്ഞ മനുഷ്യൻ അകത്തുള്ള ബോധം കളഞ്ഞു കുളിക്കുന്നു. അകത്തെ പഞ്ഞാ പദ്രീപം അണഞ്ഞു പോകുന്നു. ധർമ്മ ജ്യോതി നശിക്കുന്നു. അഹങ്കാരത്തിൻറെ പിടിയിൽ പെട്ട ഇത്തരം മൂഢമായ വ്യക്തി മറ്റുള്ളവരുമായി ദുർവ്യവഹാരം(മോശമായ പെരുമാറ്റം) ചെയ്യുന്നു. മനസ്സിൻറെ പിടിത്തവും, പിരിമുറുക്കങ്ങളും വാണിയിൽ പക്രടമാകുന്നു, ശരീരത്തിൽ പക്രടമാകുന്നു. സകല ലോകീയമായ സുഖപ്രാപ്തി ഉണ്ടായിട്ടും കോപ-ദേഷ്യം, പിരിമുറുക്കം-വലിവുകൊണ്ട് നിറഞ്ഞിരിക്കുന്നു. ദുഖ-ദൌർമനസ്യം കൊണ്ട് നിറഞ്ഞിരിക്കുന്നു. ചിത്ത-ധാരയിൽ അകുശലമായ സംസ്കാരങ്ങളുടെ ബീജം മാത്രമെ വിദക്കുന്നുള്ളു. അകത്ത് ഇരുട്ടാണ്, ആയതിനാൽ ഭാവികാലത്തിനു വേണ്ടിയും ഇരുട്ടു തന്നെ ജനിപ്പിക്കുന്നു.

പക്ഷെ ഇതെപോലേയുള്ള മനോനുകൂലമായ അവസ്ഥയിൽ ഒരു വിവേകിയായ വ്യക്തി തൻറെ മനസ്സിൻറെ സന്തുലനം നഷ്ടപ്പെടുത്താറില്ല, സമത നഷ്ടപ്പെടുത്താറില്ല. ഗറുവും-ഗൌരവത്തേയും അടുക്കാൻ സമ്മതിക്കില്ല. പിരിമുറുക്കം-വലിവ്, ഇതിനേയും അടുത്തു വരാൻ സമ്മതിക്കില്ല. നല്ല പോലെ അറിയുന്നു – ഈ മനോനുകുലമായ അവസ്ഥയും നിത്യം, ശാസ്വതം, ധ്രുവമല്ല. അനന്തം കാലം നില നിൽക്കാൻ പോകുന്നില്ല. സമയമെടുത്ത് മാറിക്കളയും. നില നിൽക്കും വരെ എങ്ങിനെ ഇതിനെ ക്കൊണ്ട് സദുപയോഗം ചെയ്യാം! - തൻറെ നന്മക്കുവേണ്ടിയും, മറ്റുള്ളവരുടെ നന്മക്കുവേണ്ടിയും. ഇങ്ങനെ മനസ്സിൽ പഞ്ഞാ-പദ്രീപം ജ്വലിപ്പിച്ചു വെച്ചുകൊണ്ട് ചിത്ത-ധാരയിൽ മൈത്രിയും കരുണയുടേയും കുശലമായ സംസ്കാരത്തിൻറെ ബീജം മാത്രമെ വിദക്കുന്നുള്ളു. വർത്തമാനകാലവും പക്രാശത്തോടെ നിറയുന്നു, ഭാവികാലവും പക്രാശത്തോടെ നിറഞ്ഞതായിത്തീരുന്നു. ഇപ്പോഴും സുഖി, ഭാവികാലത്തും സുഖി.

സാധകരെ! ജീവിതത്തിൽ ഉച്ച-നീചത്വങ്ങൾ വന്നുകൊണ്ടേയിരിക്കും. ലാഭ-നഷ്ടം, വസന്തം-ശീതകാലത്തിനെ നേരിടേണ്ടി വന്നുകൊണ്ടേ യിരിക്കാറുണ്ട്. പക്ഷെ എല്ലാ അവസ്ഥകളിലും നമ്മൾ നമ്മളുടെ മാനസിക സന്തുലനം നില നിറുത്തണം, സമത നില നിറുത്തണം. എപ്പോൾ അകത്തെ പഞ്ഞാ-പദ്രീപം ജ്വലിപ്പിച്ചു വെക്കുന്നുവൊ, ധർമ്മ-ജ്യോതി കത്തിച്ചു വെക്കുന്നുവൊ - ഇത് അപ്പോഴെ സംഭവിക്കൂ. ഇതാണ് മംഗള മൂലം.

### മംഗളം ഭവിക്കട്ടെ

നമ്മുടെ മംഗളത്തിൽ സഹായിയാവുക, നന്മയിൽ സഹായിയാവുക, അവൻ മിത്രൻ തന്നെ. ഇത്തരം വ്യക്തി ആരുമാകട്ടെ, നമ്മുടെ ഹിതമിച്ഛിക്കുന്നവനാകുന്നു. അവരുടെ നേരെ നന്ദി നിറഞ്ഞ മംഗള മൈത്രിയുടെ സദ്ഭാവന പക്രടമാക്കുന്നത് എല്ലാവിധത്തിലും ഉപയുക്തമാണ്, എല്ലാവിധത്തിലും ശരിയാണ്.

ഇത്തരം സുഹൃത്തിൻറെ നേരെ വല്ല കാരണത്താലും നമ്മുടെ മനസ്സിൽ എപ്പോൾ ദുർഭാവന ജനിക്കുന്നുവൊ, അത് നമ്മുടെ ദൂഷിതമായ ചിത്തത്തിൻറെ പരിചരായ ആണ്. സുഹൃത്തിനു നേരേയുള്ള ദുർഭാവം നിറഞ്ഞ മനസ്സ് ആ സുഹൃത്തിനു വല്ല കേടും ചെയ്യുന്നുവൊ ഇല്ലയൊ, തീർച്ചയായും നമ്മുടെ അനർത്ഥം ചെയ്യുകതന്നെ ചെയ്യും. സാമാന്യമായി നമ്മുടെ ദൂഷിതമായ മനസ്സുതന്നേയാണ് നമ്മുടെ മനസ്സിനെ വ്യാകുലനാക്കുന്നത്. എന്നാൽ നമ്മുക്ക് ഉപകാരം ചെയ്യുന്ന മിതന്രു നേരെ ഉത്പന്നമായ ദൂഷിതമായ മനസ്സാണെങ്കിൽ അത്യന്തം വ്യാകുലനാ ക്കിത്തീർക്കുന്നു. ഇത് അനുഭവ സത്യമാണ്, അനുഭവഗമ്യ സത്യമാണ്.

ഇത്തരം മിതന്രു നേരെ എപ്പോൾ നമ്മുടെ മനസ്സിൽ സദ്ഭാവന ജനിക്കുന്നുവൊ, അത് നമ്മുടെ സ്വച്ഛവും, ഋജുവും ആയ മനസ്സിൻറെ പരിചരായയാണ്. സദ്ഭാവം നിറഞ്ഞ ആ മംഗളമായ മനസ്സ് ആ സുഹൃത്തിൻറെ എത്ര നന്മ ചെയ്താലും, അതിൽ നിന്നെതയ്രൊ അധികം നമ്മളുടെ നന്മ ചെയ്യുന്നു. സാമാന്യമായി നമ്മുടെ സദ്ഭാവനയുള്ള മനസ്സ് നമ്മളെ ഹർഷിതമാക്കുന്നു. എന്നാൽ തനിക്ക് ഉപകാരം ചെയ്ത മിതന്രു നേരെ സദ്ഭാവന ഉത്പന്നമായ മനസ്സ് നമ്മളെ അത്യധികം ഹർഷോൽഹാസത്തോടെ നിറക്കുന്നു. ഇത് അനുഭവ സത്യമാണ്, അനുഭവഗമ്യ സത്യമാണ്.

ഒരു പക്ഷെ ഒരു മിതന്രൻ എന്നൊ ഞങ്ങളുടെ പരമ മിതന്രായിരുന്നു. പരമ ഹിതം ഇച്ഛിക്കുന്നവൻ, ഏതൊ കാരണവശാൽ - വിഭ്രാന്തികാരണം, സ്വാർത്ഥത കാരണം അഥവാ ഞങ്ങളുടെ തന്നെ വല്ല തെറ്റു കാരണം ഇന്ന് ഞങ്ങളുടെ പരമ ശതൃവായി മാറിയിരിക്കുന്നു. ഞങ്ങളുടെ ജീവിതം തന്നെ ഗഹ്രിക്കാനുള്ള മട്ടിലിരിക്കുന്നു, അപ്പോൾ അവനെ തെറ്റായ കാര്യം ചെയ്യുന്നതിന്ന് തടയണം, കഠോരത്തിൽ കഠോരമായ

വ്യവഹാരം ചെയ്യുമ്പോഴും തൻറെ അന്തർമനസ്സിനെ അവൻറെ നേരെ അസീമമായ മംഗള മൈത്രിയാൽ നിറച്ചു തന്നെ വെക്കണം. ഇതുതന്നേയാണ് ഉപയുക്തം.

ആ വ്യക്തിയുടെ ഇപ്പോഴത്തെ പെരുമാറ്റത്തിന് മഹത്വം കൊടുക്കാതെ, ഭൂതകാലത്ത് എപ്പോഴെങ്കിലും ഞങ്ങളൊട് ചെയ്ത ഉപകാരത്തെ ഓർക്കണം. അവൻറെ പ്രേമം-വാത്സല്യം, സ്നേഹ-സൌമനസ്യത്തിനെ ഓർക്കുക, അതിനെ തന്നെ ആധാരമാക്കി തൻറെ മനസ്സിൻറെ മൃദു സ്വഭാവം നില നിറുത്തണം. മുകളിൽ-മുകളിൽ കഠോരമായ പാറക്കല്ലു പോലെ പ്രതീതമായാലും ശരി, ഉള്ള് തുളുമ്പുന്ന നിർമ്മലതകൊണ്ട് നിറഞ്ഞിരിക്കണം.

സാധകരെ! എനിക്കറിയാം, ഇതെളുപ്പമല്ല. ഒരു വ്യക്തി എപ്പോൾ അനീതിയുടെ പെരുമാറ്റം ചെയ്യുന്നൊ, അവരുടെ നേരെ കൊപം വരൽ എളുപ്പമാണ്, എന്നാൽ മൈത്രി ജനിപ്പിക്കുക കഠിനമാണ്. വളരെ കഠിനമാണ്. എന്നാൽ കഠിനമാണെങ്കിലും ഇതുതന്നേയാണല്ലൊ കരണീയം. ഇതുതന്നേയാണല്ലൊ സാധന. ഇതുതന്നേയാണല്ലൊ തപം. ഇതുതന്നേയാണല്ലൊ സംഘർഷം. തന്നോടൊപ്പം ചെയ്യേണ്ട പോരാട്ടം. ഈ പോരാട്ടം എന്നാൽ ജീവിതം മുഴുവനും ചെയ്യേണ്ടുന്നതാണ്.

സത്യമാണ്! സതി സംഗ്രാമം(തീയിൽ ചാടുന്ന പ്രഥ) 2-4 നിമിഷത്തിൻറെ ആണ്. തീയിൽ ചാടി, ഉടൻ കാര്യം സമാപിച്ചു. ശൂരൻറെ പോരാട്ടവും 2-4 നിമിഷത്തിൻറെ മാത്രമാണ്. യുദ്ധകളത്തിൽ ഇറങ്ങി – ഈരണ്ടു കൈ വെച്ചു, കാര്യം സമ്പന്നമായി. പക്ഷെ സാധകൻറെ പോരാട്ടം ജീവിതം മുഴുവൻ നടപ്പിലാകുന്നു. ജീവിതം മുഴുവൻ അവൻ പോരാടിക്കൊണ്ടേയിരിക്കണം.

**ശൂർ സംഗ്രാം ഹൈ,**

**ഘഡീ ദോ-ചാർ കീ.**

**സതി സംഗ്രാം ഹൈ,**

**പൽ ചാർ ഭായീ.**

**സന്ത് സംഗ്രാം ഹൈ,**

**രാത്-ദിൻ ജൂഝനാ,**

**ദേഹ-പര്യന്ത് കാ കാം ഭായീ.**

രാത്രിയും, പകലും പോരാടണം. ദേഹാവസാനം വരെ പോരാടണം. അനീതിയും, അന്യായത്തിൻറേയും കഠിനമായ സ്ഥിതികൾ ജീവിതത്തിൽ എപ്പെപ്പോൾ പ്രത്യക്ഷപ്പെടുന്നുവൊ അപ്പപ്പോൾ ഒരു തലത്തിൽ അതിനോട് പ്രബലമായ പ്രതികാരം ചെയ്തു കൊണ്ടേയിരിക്കണം. മറ്റൊരു തലത്തിൽ രോമ-രോമം മംഗള മൈത്രിയാൽ പരിപൂരിതമായി നില നിറുത്തണം.

**ധർമ്മവാണി**

**ദുക്ഖം ദുക്ഖസമുപ്പാദം,**

**ദുക്ഖസ്സ ച അതിക്കമം.**

**അരിയം ചട്ഠങ്ഗികം മഗ്ഗം,**

**ദുക്ഖൂപസമഗാമിനം**

**ഏതം ഖൊ സരണം ഖേമം,**

**ഏതം സരണമുത്തമം.**

**ഏതം സരണമാഗമ്മം,**

**സബ്ബദുക്ഖാ പമുച്ചതി.**

ധമ്മപദ – 192-193 ബുദ്ധവഗ്ഗ.

ആര് ബുദ്ധ, ധർമ്മ, സംഘത്തിൽ ശരണം പ്രാപിച്ചുവൊ, ആര് നാല് ആര്യ സത്യങ്ങൾ - ദുഖം, ദുഖത്തിൻറെ ഉത്പത്തി, ദുഖത്തിൽ നിന്ന് മുക്തി, മുക്തിയിലേക്ക് നയിക്കുന്ന ആര്യ അഷ്ഠാങ്ഗിക മാർഗ്ഗം – ഇതിനെ സമ്യക്(ശരിയായ) പ്രജ്ഞയോടെ നോക്കുന്നുവൊ – ഇതുതന്നേയാണ് മംഗളകരമായ ശരണം, ഇതുതന്നേയാണ് ഉത്തമമായ ശരണം, ഈ ശരണം പ്രാപിച്ച് വ്യക്തി സകല ദുഖങ്ങളിൽ നിന്നും മുക്തമാകുന്നു.